"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സൈനിക ക്ഷേമ വകുപ്പ് - സൈനിക സേവനത്തിനിടെ ലഡാക്കിൽ മരണപ്പെട്ട Swr ഷാനവാസ് എ -യുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.12/2023/SWD തീയതി,തിരുവനന്തപുരം, 06-05-2023

പരാമർശം:-
1. സ.ഉ.(കൈ) നം. 450/99/പൊ.ഭ.വ. തീയതി, 29.06.1999.
2. സ.ഉ.(കൈ) നം. 434/01/പൊ.ഭ.വ. തീയതി, 15.11.2001.
3. സ.ഉ.(കൈ) നം. 14/2012/പൊ.ഭ.വ. തീയതി, 17.01.2012.
4. സൈനിക ക്ഷേമ ഡയറക്ടറുടെ 31.10.2022-ലെ ബി-6/153347/CMSWF/2022/DSW നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സൈനിക സേവനത്തിനിടെ ലഡാക്കിൽ വച്ച് ഓപ്പറേഷൻ സ്നോ ലെപ്പേർഡിനിടെ മരണപ്പെട്ട Swr ഷാനവാസ് എ -യുടെ ഭാര്യ ശ്രീമതി റെഹ്ന എൻ., ടിയാന്റെ പിതാവ് ശ്രീ. അബൂബക്കർ കുഞ്ഞ് എന്നിവർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത അപേക്ഷ സൈനിക ക്ഷേമ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 4 പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കുകയുണ്ടായി.

പ്രസ്തുത വിഷയം ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയുടെ ഭരണവുമായി ബന്ധപ്പെട്ട് പരാമർശം 1-3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം സൈനിക സേവനത്തിനിടെ 28.04.2021-ൽ ലഡാക്കിൽ രാജ്യാതിർത്തിയായ ഗാൽവനിൽ ഓപ്പറേഷൻ സ്നോ ലെപ്പേർഡിനിടെ ഉണ്ടായ ശിലാപതനത്തിൽ തലയ്ക്ക് പരിക്കേറ്റതിനെ തുടർന്നാണ് Swr ഷാനവാസ്.എ. യുടെ മരണം എന്ന് ആർമി അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും പ്രസ്തുത അത്യാഹിതം ആട്രിബ്യൂട്ടബിൾ ടു മിലിട്ടറി സർവ്വീസ് ആയി മിലിട്ടറി അധികാരികൾ അംഗീകരിച്ചിട്ടുള്ളതും ബാറ്റിൽ കാഷ്വാലിറ്റി ആയി പ്രഖ്യാപിച്ചിട്ടുള്ളതുമാണെന്ന്

ബോധ്യപ്പെട്ടിട്ടുണ്ട്. സൈനിക സേവനത്തിനിടെ സംഭവിക്കുന്ന കാഷ്വാലിറ്റികളിൽ ഓപ്പറേഷൻ രക്ഷക് - ന്റെ ഭാഗമായവയ്ക്ക് പത്ത് ലക്ഷം രൂപയും മറ്റ് കേസുകളിൽ അഞ്ച് ലക്ഷം രൂപയും ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും ധനസഹായത്തിന് അർഹതയുള്ളതാണ്. പ്രസ്തുത തുക 3:1 എന്ന അനുപാതത്തിൽ മരണപ്പെട്ടയാളുടെ ഭാര്യ , മാതാപിതാക്കൾ എന്നിവർക്ക് അനുവദിക്കണമെന്നും വ്യവസ്ഥയുള്ളതാണ്.

ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ ഉണ്ടായ അപകടത്തെ തുടർന്ന് 28.04.2021-ൽ കിഴക്കൻ ലഡാക്കിലെ ഗാൽവനിൽ ഓപ്പറേഷൻ സ്നോ ലെപേർഡ് ഓപ്പറേഷനിടെ മരണപ്പെട്ട Swr ഷാനവാസ്.എ -യുടെ ആശ്രിതർക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും അനുവദനീയമായ **5,00,000/- രൂപ** 3:1 എന്ന അനുപാതത്തിൽ വീതിച്ച് മരണപ്പെട്ട സൈനികന്റെ ഭാര്യ ശ്രീമതി റെഹ്ന.എൻ.-ന് **3,75,000/- രൂപയും** ( മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) പിതാവ് ശ്രീ.അബൂബക്കർ കുഞ്ഞിന് **1,25,000/- രൂപയും** ( ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി തുക പ്രസ്തുത ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, **ശ്രീമതി റെഹ്ന.എൻ.-ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചവറ ശാഖയിലുള്ള അക്കൗണ്ട് നമ്പർ** 40175773608 (IFSC: SBIN0070055) **-ലേയ്ക്ക്** 3,75,000/- **രൂപയും ശ്രീ.അബൂബക്കർ കുഞ്ഞിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചവറ ശാഖയിലുള്ള അക്കൗണ്ട് നമ്പർ 67192888995 (IFSC: SBIN0070055) -ലേയ്ക്ക് 1,25,000/- രൂപയും** എന്ന നിരക്കിൽ ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL JOHNEY
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:-

1. ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. ശ്രീമതി റെഹ്ന.എൻ., എസ്.എസ്.ബൈത്തു, കൊട്ടുകാട്, മുകുന്ദപുരം പി.ഒ., ചവറ, കൊല്ലം - 691 585.
4. ശ്രീ.അബൂബക്കർ കുഞ്ഞ്, എസ്.എസ്.ബൈത്തു, കൊട്ടുകാട്, മുകുന്ദപുരം പി.ഒ., ചവറ, കൊല്ലം - 691 585.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sindhumole K A

Date: 06-05-2023 17:06:27